Page 1 of 1

അദ്ധ്യാപകരും സീനിയർ റസിഡന്റുമാരും ജൂനിയർ റസിഡന്റുകളും രാവിലെ 8.30-നും 12.30-നും 1 മുതൽ 5.30-നും ഇടയിൽ രാവിലെയും ഉച്ചയ്ക്കും ഷെഷനുകളിൽ സേവനം നൽകും. എല്ലാ മെഡിക്കൽ കോളേജുകളും സമാനമായ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഈ സേവനങ്ങൾ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. മറ്റ് സർക്കാർ ആശുപത്രികളിലും ടെലി മെഡിസിൻ സംവിധാനമൊരുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

നെഫ്രോളജിസ്റ്റിന്റെ തസ്തിക

189 (189) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

തൽക്കാലം പരിഗണനയിലില്ല. പരിശോധിക്കുന്നതാണ്.

(ബി) നെഫ്രോളജിസ്റ്റിനെ നിയമിച്ചാൽ നിലവിലുള്ളതിന്റെ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നൽകാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇപ്പോൾ നിലവിൽ എം.സി.എച്ച്. മറ്റ് ഹയർ സെന്ററുകളിൽ initiate ചെയ്ത രോഗികൾക്ക് തുടർ ചികിത്സയാണ് കൊടുക്കുന്നത്. കൂടുതൽ പേർക്ക് ഡയാലിസിസ് തുടങ്ങണമെങ്കിൽ നെഫ്രോളജിസ്റ്റിനെ നിയമിക്കുന്നതോടൊപ്പം കൂടുതൽ മെഷീനും സ്റ്റാഫും ആവശ്യമാണ്.

കാട്ടാക്കട വെൽനസ് സെന്റർ

190 (190) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ വെൽനസ് സെന്റർ ആയി ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉപകേന്ദ്രം പനയംകോട്, ഉപകേന്ദ്രം കുരിശുമുട്ടം, ഉപകേന്ദ്രം പുന്നമൂട്, ഉപകേന്ദ്രം പുന്നാവൂർ, ഉപകേന്ദ്രം പ്ലാവൂർ എന്നിവയാണ് കാട്ടാക്കട മണ്ഡലത്തിൽ വെൽനസ് സെന്ററായി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുള്ള ഉപകേന്ദ്രങ്ങൾ. ടി ഉപകേന്ദ്രങ്ങളുടെ നവീകരണ പ്രവർത്തങ്ങൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത വെൽനസ് സെന്ററുകളിലെ നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ; തുടർന്നുള്ള നടപടികൾ സംബന്ധിച്ച വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly